പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4537

26.06.2014 ൽ മറുപടിക്ക്

**റേഷൻ സാധനങ്ങളുടെ അനധികൃത കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി അരി ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങൾ കള്ളക്കടത്ത് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ നാലുവർഷത്തിനിടയിൽ അത്തരത്തിലുള്ള എത്ര സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം നൽകുമോ ; | (എ) | കഴിഞ്ഞ നാലു വർഷത്തിനിടയിൽ റേഷൻ സാധനങ്ങളുടെ കള്ളക്കടത്ത് സംബന്ധിച്ച 371 സംഭവങ്ങൾ കണ്ടെത്തുകയും 303 കേസ്സുകൾ രജിസ്റ്റർചെയ്യുകയും മറ്റുകേസുകളിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. പിടിച്ചെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വില്പനനടത്തി തുക സർക്കാരിലേക്ക് മുതൽകൂട്ടുകയും കേസ്സുകൾ അവശ്യസാധന നിയമപ്രകാരം രജിസ്റ്റർ ചെയത് കോടതികളിൽ വിചാരണ നടത്തി വരുകയും ചെയ്യുന്നു. |
| (ബി) | ഇതിൽ 2011 മേയ് മുതൽ സിവിൽ സപ്ലൈസ് വകുപ്പ് കണ്ടെത്തിയ കള്ളക്കടത്തുകളുടെ എണ്ണവും പിടിച്ചെടുത്ത സാധനങ്ങളുടെ അളവും ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | നാട്ടുകാരുടെയും പോലീസിന്റെയും ഇടപെടലിനെത്തുടർന്ന് 2011 മേയ് മുതൽ കണ്ടെത്തിയ കള്ളക്കടത്തുകളുടെ എണ്ണവും പിടിച്ചെടുത്ത സാധനങ്ങളുടെ അളവും ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

(ഡി) കള്ളക്കടത്ത് കണ്ടുപിടിക്കപ്പെട്ടതിനെ തുടർന്ന് 2011 മേയ് മാസത്തിനുശേഷം ലൈസൻസ് സസ്പെൻഡ് ചെയ്ത റേഷൻ കടകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇതിൽ എത്ര കടകളുടെ സസ്പെൻഷൻ പിന്നീട് പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കള്ളക്കടത്ത് കണ്ടുപിടിക്കപ്പെട്ടതിനെ തുടർന്ന് 2011 മേയ് മാസത്തിനുശേഷം ലൈസൻസ് സസ്പെൻഡ് ചെയ്ത റേഷൻ കടകളുടെ എണ്ണം, സസ്പെൻഷൻ പിൻവലിച്ച റേഷൻ കടകളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | സസ്പെൻഡ് ചെയ്ത കടകളുടെ എണ്ണം, | സസ്പെൻഷൻ പിൻവലിച്ച കടകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 92 | 70 |
| കൊല്ലം | 3 | 2 |
| പത്തനംതിട്ട | - | - |
| ആലപ്പുഴ | 5 | 1 |
| കോട്ടയം | 7 | 3 |
| ഇടുക്കി | 1 | - |
| എറണാകുളം | 15 | 9 |
| തൃശൂർ | 22 | 1 |
| പാലക്കാട് | - | - |
| മലപ്പുറം | 3 | - |
| കോഴിക്കോട് | - | - |
| കണ്ണൂർ | - | - |
| വയനാട് | 1 | 1 |
| കാസർഗോഡ് | 1 | 1 |

(ഇ) ഇതുമായി ബന്ധപ്പെട്ട് വകുപ്പിലെ എത്ര ജീവനക്കാരുടെ പേരിൽ ഇതുവരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്; നടപടി തസ്തികതിരിച്ച് വ്യക്തമാക്കുമോ ; ഇതിൽ എത്ര ജീവനക്കാരുടെ പേരിലുള്ള നടപടി പിന്നീട് പിൻവലിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

(ഇ) ഇതുമായി ബന്ധപ്പെട്ട് വകുപ്പിലെ 6 ജീവനക്കാരുടെ പേരിൽ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്; എറണാകുളം ജില്ലയിൽ ഒരു താലൂക്ക് സപ്ലൈ ഓഫീസറെ സസ്പെൻഡ് ചെയ്യുകയും പിന്നീട് സസ്പെൻഷൻ പിൻവലിക്കുകയുമുണ്ടായി. തൃശൂർ ജില്ലയിൽ 1 താലൂക്ക് സപ്ലൈ ഓഫീസർ, 3 റേഷനിംഗ് ഇൻസ്പെക്ടർമാർ, 1 സീനിയർ ക്ലാർക്ക് ഉൾപ്പെടെ 5 ജീവനക്കാരെ സസ്പെൻഡ് ചെയ്തിരുന്നു. ഇതിൽ 2 പേരെ (താലൂക്ക് സപ്ലൈ ഓഫീസർ, ഒരു റേഷനിംഗ് ഇൻസ്പെക്ടർ) തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - I



| ജില്ല | കള്ളകടത്തുകളുടെ എണ്ണം | പിടിച്ചെടുത്ത സാധനങ്ങളുടെ അളവ് |
|---|---|---|
| തിരുവനന്തപുരം | 9 | 782ചാക്ക് അരി, 27ചാക്ക് പഞ്ചസാര, 69ചാക്ക് ഗോതമ്പ്, 5000ലിറ്റർ മണ്ണെണ്ണ |
| കൊല്ലം | 19 | പുഴക്കലരി 694.39ക്വിന്റൽ, 84.22ക്വിന്റൽ പച്ചരി, 522.11ക്വിന്റൽ ഗോതമ്പ്, 3ക്വിന്റൽ മട്ട, 195ലിറ്റർ മണ്ണെണ്ണ |
| പത്തനംതിട്ട | - | കണ്ടെത്തിയിട്ടില്ല |
| ആലപ്പുഴ | 27 | 7788കി.ഗ്രാം അരി, 2440കി.ഗ്രാം ഗോതമ്പ്, 29336ലിറ്റർ മണ്ണെണ്ണ |
| കോട്ടയം | 7 | 90ക്വിന്റൽ അരി, 3750കി.ഗ്രാംഗോതമ്പ്, 33കി.ഗ്രാം പഞ്ചസാര |
| ഇടുക്കി | 1 | 196കി.ഗ്രാം അരി |
| എറണാകുളം | 10 | 46ടൺ അരി, 12ടൺ ഗോതമ്പ്, 590ലിറ്റർ മണ്ണെണ്ണ |
| തൃശ്ശൂർ | 6 | 13.32ക്വിന്റൽ അരി, 760ലിറ്റർ മണ്ണെണ്ണ |
| പാലക്കാട് | - | - |
| മലപ്പുറം | 3 | 364ചാക്ക് അരി, 67.5ക്വിന്റൽ പഞ്ചസാര, 10ലിറ്റർ മണ്ണെണ്ണ |
| കോഴിക്കോട് | 13 | 4034ലിറ്റർ മണ്ണെണ്ണ, 40ലിറ്റർ ഡീസൽ , 6250കി.ഗ്രാം അരി, 8009കി.ഗ്രാം ഗോതമ്പ് |
| വയനാട് | ഇല്ല | - |
| കണ്ണൂർ | 8 | 5547 ലിറ്റർ മണ്ണെണ്ണ, 23ക്വിന്റൽ പഞ്ചസാര |
| കാസറഗോഡ് | 3 | 1990കി.ഗ്രാം അരി, 240കി.ഗ്രാം പഞ്ചസാര, 305ലിറ്റർ മണ്ണെണ്ണ |

അനുബന്ധം - II

| ജില്ല | കള്ളക്കടത്തുകളുടെ എണ്ണം | പിടിച്ചെടുത്ത സാധനങ്ങളുടെ അളവ് |
|---|---|---|
| തിരുവനന്തപുരം | 30 | 2429 ചാക്ക് അരി<br>254 ചാക്ക് ഗോതമ്പ്<br>11745 ലിറ്റർ മണ്ണെണ്ണ |
| കൊല്ലം | 131 | 2124.52 ക്വിന്റൽ പുഴുക്കലരി<br>611.38 ക്വിന്റൽ പച്ചരി<br>875.09 ക്വിന്റൽ ഗോതമ്പ്<br>251.40 കിലോ ലിറ്റർ മണ്ണെണ്ണ |
| പത്തനംതിട്ട | 4 | 750 കി.ഗ്രാം ഗോതമ്പ്<br>150 ലിറ്റർ മണ്ണെണ്ണ<br>20 ചാക്ക് ഗോതമ്പ്<br>2 ചാക്ക് അരി |
| ആലപ്പുഴ | 6 | 2515 കി.ഗ്രാം അരി<br>1150 കി.ഗ്രാം ഗോതമ്പ്<br>50 കി.ഗ്രാം പഞ്ചസാര<br>150 ലിറ്റർ മണ്ണെണ്ണ |
| കോട്ടയം | 5 | 69850 കി.ഗ്രാം അരി<br>3750 കി.ഗ്രാം ഗോതമ്പ്<br>33 കി.ഗ്രാം പഞ്ചസാര |
| ഇടുക്കി | 1 | 12 ചാക്ക് അരി |
| എറണാകുളം | 29 | 33301.5 കി.ഗ്രാം അരി<br>274875 കി.ഗ്രാം ഗോതമ്പ്<br>8389 ലിറ്റർ മണ്ണെണ്ണ |
| തൃശൂർ | 26 | 28.63 ക്വിന്റൽ പഞ്ചസാര<br>1380.6 ക്വിന്റൽ അരി<br>101.51 ക്വിന്റൽ ഗോതമ്പ് |
| പാലക്കാട് | -- | -- |
| മലപ്പുറം | 2 | 40 ലിറ്റർ മണ്ണെണ്ണ<br>4 ചാക്ക് അരി |
| കോഴിക്കോട് | - | -- |
| വയനാട് | 3 | 200 ലിറ്റർ മണ്ണെണ്ണ<br>161 ചാക്ക് ഗോതമ്പ്<br>11 ചാക്ക് അരി |
| കണ്ണൂർ | 5 | 3245 ലിറ്റർ മണ്ണെണ്ണ<br>5075 കി.ഗ്രാം അരി |
| കാസറഗോഡ് | 2 | 4 ലോഡ് ഗോതമ്പ് |